# സാമ്രാജ്യത്വം വീണ്ടും ആഫ്രിക്കയിലേക്ക്

സ്റ്റാഫ് ലേഖകൻ

**സാമ്രാജ്യത്വ** നിഷ്ഠുരതയുടെ മുദ്ര പതിഞ്ഞ ഭൂഖണ്ഡമാണ് ആഫ്രിക്ക. കൊളോണിയൽ ശക്തികൾ താണ്ഡവമാടിയ മണ്ണും ചവച്ചുതുപ്പിയ മനുഷ്യരുമാണ് അവിടെയുള്ളത്. ആഫ്രിക്കയുടെ സമ്പത്ത് കൊള്ളയടിക്കുകയും അവിടത്തെ കരുത്തുറ്റ മനുഷ്യരെ പിടികൂടി ചങ്ങലകളിൽ ബന്ധിച്ച് യൂറോപ്പിലും അമേരിക്കയിലും കൊണ്ടുപോയി അടിമപ്പണിയെടുപ്പിക്കുകയും ചെയ്തതിലൂടെ സാമ്രാജ്യത്വം ഏൽപിച്ച പരിക്കുകളിൽനിന്നും അവശതയിൽനിന്നും 'ഇരുണ്ട വൻകര' എന്ന് അപഹസിക്കപ്പെടുന്ന ഈ ഭൂപ്രദേശത്തിന് ഇന്നും പൂർണമായും മുക്തിനേടാനായിട്ടില്ല. ചില പാശ്ചാത്യ രാജ്യങ്ങൾ ഇപ്പോഴും ആഫ്രിക്കയിൽ മറ്റു പേരുകളിൽ കോളനികൾ കൈവശം വെച്ചുപോരുന്നുണ്ട്. അധിനിവിഷ്ട രാജ്യങ്ങളിൽ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടപ്പോൾ ബാഹ്യമായെങ്കിലും പിൻവാങ്ങാൻ നിർബന്ധിതമായ സാമ്രാജ്യത്വം ചെറിയൊരു ഇടവേളക്കുശേഷം വീണ്ടും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. വിഭവസമൃദ്ധമായ ആഫ്രിക്കയിൽ സാമ്രാജ്യത്വം പിന്നെയും കാലുറപ്പിച്ചുകഴിഞ്ഞു. ഇത്തവണ അത് അമേരിക്കയുടെ നേതൃത്വത്തിലാണെന്നു മാത്രം. പഴയ കൊളോണിയൽ വേട്ടയുടെ ഗൃഹാതുര സ്മരണകൾ പേറുന്ന ബ്രിട്ടനും ഫ്രാൻസുമൊക്കെ സഹകാരികളായി കൂടെയുണ്ട്.

ഭരണകൂടത്തിനും സൈന്യത്തിനും പുറമെ ആശ്രിത/സഖ്യ രാജ്യങ്ങളും ബഹുരാഷ്ട്ര കോർപ്പറേഷനുകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സൈനികതാവളങ്ങളും ഉൾപ്പെട്ട സങ്കീർണ ഘടനയാണ് അമേരിക്കൻ സാമ്രാജ്യത്വത്തിന്റേത്. സൈനികാക്രമണങ്ങളും പ്രചാരണയുദ്ധവും അധിനിവേശവും ഉപരോധവും മൂലധന നിക്ഷേപവും കമ്പോള കൈയേറ്റവുമെല്ലാം അതിന്റെ വൈവിധ്യമാർന്ന കർമ പരിപാടികളാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ മേധാവിത്വം സ്ഥാപിച്ച് അവയുടെ പ്രകൃതിസമ്പത്ത് ചൂഷണം ചെയ്തും തന്ത്രപ്രധാനമായ കേന്ദ്രങ്ങളിൽ സൈനിക താവളങ്ങൾ പണിതും അമേരിക്ക മുന്നേറുകയാണ്. വൻകരയിൽ ആഗോള ഭീകരത പിടിമുറുക്കുന്നതും അസ്ഥിരത വളരുന്നതും തടയുകയാണ് ലക്ഷ്യമെന്നാണ് പുറമേക്കു പറയുന്നത്. ഇസ്‌ലാമിക ചെറുത്തുനിൽപുകളും വിമോചന മുന്നേറ്റങ്ങളും തടയുകയും വഴങ്ങാത്ത ഭരണകൂടങ്ങളെ പുറന്തള്ളി പാവസർക്കാറുകളെ പ്രതിഷ്ഠിക്കുകയുമാണ് ഇതിന്റെ നേർക്കുനേരെയുള്ള അർഥം. ഏതാനും വർഷമായി ആഫ്രിക്കയിൽ അമേരിക്കൻ സൈനിക ഇടപെടലുകൾ വർധിച്ചുവരുന്നു. നേരത്തേ അമേരിക്കൻ സൈനിക വിഭാഗത്തിന്റെ സെൻട്രൽ കമാന്റും യൂറോപ്യൻ കമാന്റുമായിരുന്നു ആഫ്രിക്കയുടെ കാര്യം ശ്രദ്ധിച്ചിരുന്നത്. ഈ വർഷം ഫെബ്രുവരിയിൽ ആഫ്രിക്കയെ പ്രത്യേകമായി ഉന്നമിടുന്ന ആഫ്രിക്കൻ കമാന്റും (AFRICOM) നിലവിൽവരികയുണ്ടായി. ഭീകരതയെ നേരിടാനെന്ന പേരിൽ അമേരിക്ക വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് പ്രത്യേക ദൗത്യസേനയെ അയച്ചിട്ടുമുണ്ട്. ഛാഡ്, മാലി, മൗറിത്താനിയ, നൈജർ, അൾജീരിയ, നൈജീരിയ, സെനഗൽ, തുനീഷ്യ എന്നിവയെ ഉൾപ്പെടുത്തി ഒരു 'ഭീകരതാ വിരുദ്ധ' സൈനിക സഹകരണ സംവിധാനത്തിന് രൂപംനൽകിയിരിക്കുന്നു. ആഫ്രിക്കയിലെ ആദ്യത്തെ സമ്പൂർണ അമേരിക്കൻ സൈനികതാവളം 2002-ൽ ജിബൂട്ടിയിലാണ് ആരംഭിച്ചത്. ഇപ്പോൾ ഛാഡിലും സൈനികതാവളമുണ്ട്. സെനഗൽ, മാലി, ഘാന, ഗാബോൺ, നമീബിയ എന്നിവിടങ്ങളിൽ അമേരിക്കക്ക് ചെറിയ സൈനികകേന്ദ്രങ്ങളുണ്ട്. ഇവയിൽനിന്ന് പോർവിമാനങ്ങൾക്ക് പറന്നുയരാനും ഇന്ധനം നിറക്കാനും സൈനികവിന്യാസം നടത്താനും സാധിക്കും. ഗിനി ഉൾക്കടലും തീരങ്ങളും അമേരിക്കൻ നാവികസേനയുടെ നിയന്ത്രണത്തിലാണ്. തെക്കൻ സുഡാനെ ലക്ഷ്യമിട്ട് ഉഗാണ്ടയിലും യാങ്കിപ്പട നിലയുറപ്പിച്ചിട്ടുണ്ട്.

പെട്രോളിയം, പ്രകൃതിവാതകം, സ്വർണം, വജ്രം തുടങ്ങിയവയുടെ വൻ ശേഖരത്തിലാണ് അമേരിക്കയുടെ കണ്ണ്. അധികം വൈകാതെ അമേരിക്കയുടെ ഇന്ധന ഇറക്കുമതിയിൽ ആഫ്രിക്കക്ക് പശ്ചിമേഷ്യയുടെ സ്ഥാനം കൈവരുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം. പശ്ചിമേഷ്യയിലെ ഊർജസമ്പത്ത് ഏറെക്കുറെ ഊറ്റിയെടുത്ത ശേഷം പുതിയ ഊർജസ്രോതസ്സുകൾ തേടുകയാണ് അമേരിക്ക. ഇക്കാര്യത്തിൽ ആഫ്രിക്കക്ക് വലിയ പ്രാധാന്യമുണ്ട്. 2001 മുതൽ 2004 വരെ പുതുതായി കണ്ടെത്തിയ എണ്ണശേഖരത്തിന്റെ എൺപത് ശതമാനവും പശ്ചിമ ആഫ്രിക്കയിലാണ്. ഈ മേഖലയിൽ 60 ബില്യൻ ബാരൽ എണ്ണയുണ്ടെന്നാണ് കണക്ക്. അമേരിക്കയിൽ എത്തുന്ന എണ്ണയുടെ പത്തു ശതമാനം നൈജീരിയയിൽനിന്നാണ്. ഇത് 25 ശതമാനമായി വർധിപ്പിക്കാനാണ് നീക്കം. അംഗോളയിൽനിന്ന് അമേരിക്കക്ക് നാല് ശതമാനം എണ്ണ ലഭിക്കുന്നു. ഗാബോൺ, കാമറൂൺ, ഛാഡ്, മൗറിത്താനിയ എന്നിവിടങ്ങളിൽനിന്നും എണ്ണ കൈവശപ്പെടുത്താനുള്ള പദ്ധതിയുമായി മുന്നോട്ടുപോവുകയാണ് അമേരിക്ക. പ്രമുഖ എണ്ണ ഉൽപാദക രാജ്യമായ സുഡാന്റെ ദക്ഷിണ മേഖലയിലാണ് ഏറ്റവും കൂടുതൽ എണ്ണശേഖരമുള്ളത്. ദക്ഷിണ സുഡാനിൽ പൊതുവിലും ദാർഫൂറിൽ പ്രത്യേകിച്ചും അമേരിക്ക പ്രശ്നങ്ങൾ കുത്തിപ്പൊക്കുന്നതിൽ എണ്ണതാൽപര്യം സുപ്രധാനമാണ്. ലോകത്തെ മൊത്തം എണ്ണശേഖരത്തിന്റെ കാൽഭാഗമുള്ള സോമാലിയ, എത്യോപ്യ, ഐരിത്രിയ എന്നിവ ഉൾപ്പെട്ട കിഴക്കൻ ആഫ്രിക്കൻ പ്രദേശങ്ങൾ അമേരിക്കയുടെ വരുതിയിലാണ്. സുഡാൻ, സിംബാബ്‌വെ എന്നിവയൊഴികെയുള്ള മിക്ക ആഫ്രിക്കൻ രാജ്യങ്ങളിലെയും ഭരണാധികാരികൾ അമേരിക്കൻ പക്ഷത്താണ്. ബാക്കിയുള്ളവർക്ക് അമേരിക്കയുടെ അനിഷ്ടം സമ്പാദിക്കാനുള്ള ധൈര്യവുമില്ല. ഛാഡി

ലെയും എത്യോപ്യയിലെയും മറ്റും ജനപിന്തുണയില്ലാത്ത മർദക ഭരണകൂടങ്ങൾക്ക് അമേരിക്കയുടെ പിന്തുണ ഏറെ സഹായകവുമാണ്.

ആഫ്രിക്കയിൽ ചൈനയുടെ സാന്നിധ്യം വർധിക്കുന്നതും ഭൂഖണ്ഡത്തിൽ അമേരിക്കയുടെ ഇടപെടൽ വർധിക്കാൻ കാരണമാണ്. ആഫ്രിക്കൻ രാജ്യങ്ങളുമായി സൗഹൃദം സ്ഥാപിച്ചും വാണിജ്യ കരാറുകളിലേർപ്പെട്ടും മുന്നേറുന്ന ചൈനയെ ആശങ്കയോടെയാണ് അമേരിക്ക കാണുന്നത്. കഴിഞ്ഞ ആറു വർഷത്തിനിടയിൽ ചൈന ആഫ്രിക്കയിൽ 37 ബില്യൻ ഡോളറിന്റെ വ്യാപാരം നടത്തുകയുണ്ടായി. ഈ വർഷം മെയിൽ ആഫ്രിക്കൻ നേതാക്കളുമായി നടത്തിയ ചർച്ചയിൽ 10 ബില്യൻ ഡോളറിന്റെ നിക്ഷേപം നടത്താമെന്ന് ചൈനീസ് ഗവൺമെന്റ് വാഗ്ദാനം ചെയ്തിട്ടുണ്ട്. കുറഞ്ഞ പലിശക്ക് വായ്പ നൽകുന്ന നയവും ദരിദ്രരാജ്യങ്ങളെ ചൈനയോടടുപ്പിക്കുന്നു. 2004-ൽ ചൈന അംഗോളക്ക് രണ്ടു ബില്യൻ വായ്പ നൽകുകയുണ്ടായി. ചൈനയുടെ എണ്ണ ഇറക്കുമതിയുടെ 35 ശതമാനം ആഫ്രിക്കയിൽനിന്നാണ്. അമേരിക്കക്കു വഴങ്ങാൻ വിസമ്മതിക്കുന്ന സുഡാനുമായി ചൈനക്ക് അടുത്ത ബന്ധമുണ്ട്. സുഡാൻ എണ്ണയുടെ 70 ശതമാനവും കയറ്റുമതി ചെയ്യുന്നത് ചൈനയിലേക്കാണ്. ചൈനയാകട്ടെ സുഡാനിൽ ഏറ്റവും കൂടുതൽ നിക്ഷേപമിറക്കുകയും ചെയ്യുന്നു. അംഗോള, കോംഗോ എന്നിവയുമായും ചൈനക്ക് എണ്ണയിടപാടുണ്ട്. തങ്ങളെ കവച്ചുവെച്ച് ചൈന നൈജീരിയക്ക് യുദ്ധോപകരണങ്ങൾ നൽകിയതും അമേരിക്കൻ ഭരണകൂടത്തെ ഞെട്ടിച്ചു.

സാമ്രാജ്യത്വത്തിന് ആഫ്രിക്കയിലും മുഖ്യ ഭീഷണി ഉയർത്തുന്നത് ഇസ്‌ലാമിക നവജാഗരണ പ്രസ്ഥാനങ്ങളായതിനാൽ അവയെ തകർക്കാനും മുളയിലേ നുള്ളിക്കളയാനുമാണ് അമേരിക്ക ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അൾജീരിയയിലും ഈജിപ്തിലും ഇസ്‌ലാമികപ്രസ്ഥാനങ്ങൾ അധികാരത്തിലേറുന്നത് തടയാൻ പിന്തുണ നൽകുന്ന അമേരിക്ക സുഡാൻ ഗവൺമെന്റിനെ നിരന്തരം വേട്ടയാടുകയും ചെയ്യുന്നു. സോമാലിയയിൽ ജനജീവിതം ദുഷ്കരമാക്കിയ യുദ്ധപ്രഭുക്കളെ തുരത്തി ജനകീയ പിന്തുണയോടെ അധികാരത്തിലേറുകയും സുരക്ഷയും സമാധാനവും ജനക്ഷേമവും ഉറപ്പുവരുത്തുകയും ചെയ്ത ഇസ്‌ലാമിക് കോർട്‌സ് യൂനിയനെ പുറന്തള്ളി അമേരിക്ക കുടിയിരുത്തിയ മുൻ യുദ്ധപ്രഭു അബ്ദുല്ലാ യൂസുഫിന്റെ ഇടക്കാല ഗവൺമെന്റിന് തലസ്ഥാനത്തുപോലും ജനപിന്തുണയില്ല. അമേരിക്കയുടെയും യൂറോപ്യൻ യൂനിയന്റെയും സാമ്പത്തിക പിന്തുണയോടെ സോമാലിയയിൽ നിലയുറപ്പിച്ച ആഫ്രിക്കൻ യൂനിയൻ സേനയാണ് ഈ പാവ സർക്കാറിനെ നിലനിർത്തുന്നത്. കടുത്ത എതിർപ്പുകാരണം എത്യോപ്യൻ സേനക്ക് സോമാലിയയിൽനിന്ന് പിന്മാറേണ്ടിവന്നിരിക്കുകയാണ്. മറ്റു തന്ത്രങ്ങളെല്ലാം പൊളിഞ്ഞ അമേരിക്ക ഇസ്‌ലാമിക് കോർട്‌സ് യൂനിയനിൽ പിളർപ്പുണ്ടാക്കി ഒരു വിഭാഗത്തെ ഒപ്പം കൂട്ടാനാണ് ഇപ്പോൾ ശ്രമിക്കുന്നത്.

വിഭവങ്ങൾ കൊള്ളയടിക്കുന്നതിനു പുറമെ കടക്കെണിയിൽ പെടുത്തിയും ആഫ്രിക്കൻ രാജ്യങ്ങളുടെ നട്ടെല്ലൊടിക്കുകയാണ് സാമ്രാജ്യത്വം. ആഫ്രിക്കയുടെ സമ്പത്ത് പാശ്ചാത്യ രാജ്യങ്ങളിലേക്കൊഴുക്കുകയാണ് ഐ.എം.എഫും ലോക ബാങ്കും ഫലത്തിൽ ചെയ്യുന്നത്. അതിനാൽ മറ്റു ഭൂപ്രദേശങ്ങളുടേതിനേക്കാൾ ഇരട്ടി കടഭാരമാണ് ആഫ്രിക്ക പേറുന്നത്. ഉൽപാദനവും വരുമാനവും കുറവും കടം കൂടുതലുമെന്നതാണ് മിക്ക ആഫ്രിക്കൻ രാജ്യങ്ങളുടെയും സമ്പദ്ഘടനയുടെ ചിത്രം. ലണ്ടൻ സ്കൂൾ ഓഫ് ഇണക്കണോമിക്സിലെ പ്രഫ. ഗാവിൻ കാപ്സ് നടത്തിയ പഠനമനുസരിച്ച് 1970-നും 2002-നുമിടയിൽ മൊത്തം ആഫ്രിക്കൻ രാജ്യങ്ങൾ 540 ബില്യൻ അമേരിക്കൻ ഡോളറിനു തുല്യമായ സംഖ്യ വായ്പ വാങ്ങുകയും 550 ബില്യൻ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും 295 ബില്യൻ ഡോളർ ഇനിയും തിരിച്ചടക്കാൻ ബാക്കിയാണ്. ക്ഷേമപ്രവർത്തനങ്ങൾക്കും ആഭ്യന്തരനിക്ഷേപത്തിനും ഉപയോഗിക്കേണ്ട പണം കൊള്ളപ്പലിശക്കു വേണ്ടി നീക്കിവെക്കുമ്പോൾ ആഫ്രിക്കൻ ജനതക്ക് പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും പിടിയിൽ മോചനമില്ലാതെ കഴിയേണ്ടിവരുന്നു. മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ വലിയ ഭാഗം കടം വീട്ടാൻ ഉപയോഗിക്കാൻ നിർബന്ധിതമായ ആഫ്രിക്കയിലെ ദരിദ്ര രാജ്യങ്ങൾക്ക് അതിന്റെ വളരെ തുഛമായ ഭാഗം മാത്രമേ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും നീക്കിവെക്കാൻ കഴിയുന്നുള്ളൂ. ഇടക്ക് വലിയ കൊട്ടിഘോഷത്തോടെ സാമ്രാജ്യത്വ ധനകാര്യ സ്ഥാപനങ്ങളും സർക്കാറുകളും ആഫ്രിക്കൻ രാജ്യങ്ങൾക്ക് കടാശ്വാസം പ്രഖ്യാപിക്കാറുണ്ടെങ്കിലും സമ്പദ്രംഗത്തിന്റെ നിയന്ത്രണം കൈയടക്കാൻ സഹായകമായ നിബന്ധനകൾ അടിച്ചേൽപിച്ച് പലിശപ്പെരുക്കത്തിൽ ചെറിയ ഇളവ് മാത്രമാണ് അതിലൂടെ മിക്കപ്പോഴും അനുവദിക്കാറുള്ളത്. ഏതാനും വർഷം മുമ്പ് അമേരിക്ക ആഫ്രിക്കൻ രാജ്യങ്ങൾക്ക് എയിഡ്സ് മരുന്ന് വാങ്ങാനെന്ന പേരിൽ ഒരു ബില്യൻ ഡോളർ വായ്പ വാഗ്ദാനം ചെയ്തിരുന്നു. താരതമ്യേന കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന മറ്റു രാജ്യങ്ങളുടെ മരുന്നുകളേക്കാൾ എത്രയോ മടങ്ങ് വിലയുള്ള അമേരിക്കൻ മരുന്ന് കമ്പനികളുടെ മരുന്നുകൾ മാത്രമേ വാങ്ങാവൂ എന്നായിരുന്നു ആ വായ്പയുടെ നിബന്ധന! ഇത്തരത്തിലുള്ള ചൂഷണം കാരണം പ്രകൃതിവിഭവസമ്പന്നമായ ആഫ്രിക്കൻ രാജ്യങ്ങൾക്ക് പട്ടിണിമരണങ്ങളിൽനിന്നുപോലും ഇനിയും രക്ഷപ്പെടാനായിട്ടില്ല.

അമേരിക്കൻ സാമ്രാജ്യത്വം തിരക്കിട്ട് ആഫ്രിക്കയിലേക്ക് തിരിഞ്ഞതിനു മറ്റൊരു കാരണം കൂടി പറയപ്പെടുന്നുണ്ട്. കുതന്ത്രവും ചൂഷണവും വേണ്ടത്ര നടത്തിയിട്ടും അമേരിക്കൻ സമ്പദ്ഘടന തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ചൈനയാണ് ഇപ്പോൾ മുന്നേറുന്നത്. 2039-ഓടെ ചൈന ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയാകുമെന്നാണ് പ്രവചനം. പശ്ചിമേഷ്യയിലെ വിഭവങ്ങൾ തീർന്നുകൊണ്ടിരിക്കുകയാണ്. അവിടെ കാര്യങ്ങൾ അമേരിക്കക്ക് മുമ്പേ പോലെ സമാധാനം നൽകുന്നുമില്ല. അതിനാൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആഫ്രിക്കയിലെ പരാക്രമങ്ങൾ ഒരുപക്ഷേ അവസാനത്തെ ആളിക്കത്തലാവാം. ■